(ബി) നഗര വികസനത്തിന്റെ ഭാഗമായി പുതുതായി പൈപ്പിട്ടപ്പോൾ അതിനുവേണ്ടി കുഴിച്ചവർക്ക് പ്രസ്തുത പൈപ്പുകളിട്ടതിന്റെ പ്ലാൻ നൽകിയിരുന്നുവോ;

(സി) പുതുതായി പൈപ്പിടുന്നതിന് കുഴിയെടുത്തപ്പോൾ മുമ്പ് ഇട്ടിരുന്ന പൈപ്പ് പൊട്ടിയിട്ടുണ്ടോ;

(ഡി) പൈപ്പ് ലൈനിന്റെ പ്ലാൻ നഗര വികസനാർത്ഥമുള്ള പണി ചെയ്തവർക്ക് കൊടുത്തിരുന്നെങ്കിൽ മുൻപിട്ട പൈപ്പുകൾ പൊട്ടാനിടയായ സാഹചര്യം ഒഴിവാക്കാമായിരുന്നില്ലെ; വിശദീകരണം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാൻ നൽകിയിരുന്നു.

(സി) ഇല്ല.

(ഡി) പുതുതായി പൈപ്പിടുന്ന സമയത്ത് പ്രധാന പൈപ്പ് ഒന്നും പൊട്ടിയിട്ടില്ല. എന്നാൽ ഹൗസ് കണക്ഷനുകളുടെ വിശദാംശം പ്ലാനിൽ ഉൾപ്പെടാത്തതിനാൽ ഇവയിൽ ലീക്കുകൾ ഉണ്ടായിട്ടുണ്ട്. അത് നഗര വികസന ചുമതലയുള്ളവർ ഉടൻ തന്നെ പരിഹരിച്ചിട്ടുണ്ട്.

ജലവിതരണ പൈപ്പുപൊട്ടൽ

57 [2526] ശ്രീ. ബി വിജയകുമാർ :
,, എം. എ. വാഹീദ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ഒരു ദിവസം ജലവിതരണ പൈപ്പു പൊട്ടൽ സംബന്ധിച്ച എത്ര പരാതികൾ വാട്ടർ അതോറിറ്റിക്കു കിട്ടാറുണ്ട്;

(ബി) ഒരു ദിവസം ശരാശരി എത്ര പൈപ്പു പൊട്ടൽ സംബന്ധിച്ച അറ്റകുറ്റ പണികൾ തീർക്കാറുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഒരു പൈപ്പു പൊട്ടൽ സംബന്ധിച്ച് അറ്റകുറ്റ പണി തീർക്കുന്നതിനു ശരാശരി എത്ര ദിവസം വേണ്ടിവരുമെന്ന് അറിയിക്കുമോ;

(ഡി) ഒരു പൈപ്പു പൊട്ടലിന്റെ ഫലമായി ശരാശരി എത്ര ലിറ്റർ കുടിവെള്ളം നഷ്ടപ്പെട്ടിരിക്കും എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 15 നും 18 നും ഇടയ്ക്ക്.

(ബി) 15 നും 18 നും ഇടയ്ക്ക്.

(സി) ശരാശരി ഒരു ദിവസം

(ഡി) ശരാശരി 500 ലിറ്റർ

മണ്ണന്തല, എരപ്പുകുഴി ജലസംഭരണ ടാങ്കുകൾ

58 [2527] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന വികസന പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ മണ്ണന്തല, എരപ്പുകുഴി ടാങ്കുകളുടെ സംഭരണശേഷി എത്ര ലിറ്ററാണെന്ന് അറിയിക്കാമോ;

(ബി) ഈ ടാങ്കുകളിൽ എല്ലാ ദിവസവും പൂർണ്ണ തോതിൽ ജലം സംഭരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര ഉപഭോക്താക്കൾക്ക് പുതുതായി ജലം വിതരണം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) 2005 ഫെബ്രുവരി അവസാനത്തിലെ കണക്കുപ്രകാരം എത്രപേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഇ) രണ്ടരക്കോടിയിലേറെ രൂപ ചെലവഴിച്ച് പ്രവർത്തനം ആരംഭിച്ച ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തലസ്ഥാന വികസന പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ മണ്ണന്തല ടാങ്കിന്റെ സംഭരണശേഷി 4 ലക്ഷം ലിറ്ററും എരപ്പുകുഴി ടാങ്കിന്റെ സംഭരണശേഷി 2 ലക്ഷം ലിറ്ററുമാണ്.

(ബി) ഉണ്ട്.

(സി) മണ്ണന്തല ടാങ്കിൽനിന്നും ഏകദേശം 12,000 പേർക്കും എരപ്പുകുഴി ടാങ്കിൽനിന്നും ഏകദേശം 5000 പേർക്കും പ്രയോജനം കിട്ടാൻവേണ്ടിയാണ് ഇവ നിർമ്മിച്ചിട്ടുള്ളത്.

(ഡി) മണ്ണന്തല ടാങ്കിൽനിന്നും 10,000 പേർക്കും എരപ്പുകുഴിയിൽനിന്നും 200 പേർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly